

ഗിഫു മേലാറ്റൂർ

# തകരപ്പെട്ടിയിലെ സമ്പാദ്യം

വടക്കൻ കേരളത്തിലെ നാട്ടിൻപുറത്ത് ഒരു വല്യുപ്പയുണ്ടായിരുന്നു- രായിൻ കാക്ക. ഒരുകാലത്ത് സമ്പന്നനായിരുന്ന അദ്ദേഹത്തിന് വയസ്സായപ്പോൾ മക്കളും പേരമക്കളും മരുമക്കളുമെല്ലാം പുതിയ വീടുകൾ വെച്ച് വേറെ വേറെയായി താമസം. അങ്ങനെ ആഹാരം നൽകാനോ ശുശ്രൂഷിക്കാനോ ആരുമില്ലാത്ത രായിൻ കാക്ക വല്ലാതെ വേദനിച്ചു.

അങ്ങനെയിരിക്കേ രായിൻ കാക്കയെ കാണാൻ പഴയൊരു ചങ്ങാതി വന്നു. കുശലാന്വേഷണത്തിനിടയിൽ രായിൻ കാക്ക തന്റെ മക്കളുടെ ചെയ്തികൾ വിവരിച്ചു: ''വയസ്സു കാലത്തല്ലേ എനിക്ക് തുണയും സംരക്ഷണവും വേണ്ടത്, അവർ എന്നെ തിരിഞ്ഞുനോക്കുന്നില്ല ചങ്ങാതീ...!''

''അതിനൊരു പരിഹാരമുണ്ട്. ഞാൻ പറയുന്നതു പോലെ അങ്ങ് ചെയ്താൽ മതി. മക്കൾ തന്നെ പൊന്നുപോലെ നോക്കുന്നത് കാണാം.''

സുഹൃത്തിന്റെ സൂത്രം കൊള്ളാമെന്ന് രായിൻ കാക്കാക്കും തോന്നി.

സുഹൃത്ത് സ്ഥലം വിട്ടപ്പോൾ രായിൻ കാക്ക ഒരു തകരപ്പെട്ടി സംഘടിപ്പിച്ചു. അതിന്റെ മധ്യത്തിൽ നാണയങ്ങളിടാൻ പാകത്തിന് ഒരു കൊച്ചു ദ്വാരവുമിട്ടു.

അടുത്ത ദിവസം പേരക്കിടാങ്ങളിലൊരു കുട്ടി തന്റെ കളിപ്പാട്ടമന്വേഷിച്ച് രായിൻ കാക്ക



സ്വർണ്ണത്തിന്റെ ശുദ്ധത രേഖപ്പെടുത്തുന്ന അളവാണ് കാരറ്റ്.

യുടെ മുറിയിലെത്തി. അപ്പോൾ രായിൻ കാക്ക ഒരു നാണയം സൂത്രത്തിൽ തകരപ്പെട്ടിയിലിട്ടു. നാണയം കിലുങ്ങുന്ന ശബ്ദം പേരക്കിടാവ് ശരിക്കും കേട്ടിട്ടുണ്ടെന്ന് രായിൻ കാക്കാക്ക് മനസ്സിലായി.

പേരക്കിടാവ് അപ്പോൾ തന്നെ വീട്ടിലെത്തി പറഞ്ഞു:

“നമ്മുടെ വല്യുപ്പായുടെ പക്കൽ പൂത്ത പണമുണ്ട്. പണം തകരപ്പെട്ടിയിലിടുന്നത് ഞാൻ കണ്ടതാ.. ”

സംഗതി പരമാർഥമായിരിക്കുമെന്ന് അവർക്കും തോന്നി. ഉടൻ തന്നെ വീട്ടുകാർ രായിൻ കാക്കായുടെ അടുത്തെത്തി, തങ്ങളോടൊപ്പം തങ്ങളുടെ വീട്ടിൽ താമസിക്കാമെന്ന് നിർദ്ദേശിച്ചു.

എന്നാൽ താനിതുവരെ കഴിഞ്ഞത് സ്വന്തം വീട്ടിലാണെന്നും മരിക്കുന്നതും അങ്ങനെ മതിയെന്നും രായിൻ കാക്ക കട്ടായം പറഞ്ഞു.

നിർബന്ധിച്ചിട്ട് ഫലമില്ലെന്നറിഞ്ഞപ്പോൾ മക്കളും പേരക്കുട്ടികളും വല്യുപ്പയുടെ വീട്ടിലേക്ക് വന്ന് ആഹാരം നൽകാനും ശുശ്രൂഷിക്കാനും സമയാസമയങ്ങളിൽ മരുന്ന് നൽകാനുമൊക്കെ തുടങ്ങി. രാത്രികാലങ്ങളിൽ മക്കൾ അദ്ദേഹത്തിന് കൂട്ടുകിടക്കുകയും ചെയ്തു.

വല്യുപ്പാനെ ശുശ്രൂഷിക്കുന്നതിൽ എന്തെങ്കിലും കാര്യം കാണാതിരിക്കില്ലെന്ന് മനസ്സിലാക്കിയ മറ്റു മക്കളും കുടുംബസമേതം അദ്ദേഹത്തെ പരിചരിക്കുന്നതിൽ മൽസരിക്കുകയായിരുന്നു.

അങ്ങനെയിരിക്കേ രായിൻ കാക്കാക്ക് അസുഖം കൂടുതലായി. വൈകാതെ മക്കളുടെയും പേരക്കുട്ടികളുടെയും സാമീപ്യത്തിൽ അദ്ദേഹം സമാധാനത്തോടെ മരിക്കുകയും ചെയ്തു.



വല്യുപ്പയുടെ കട്ടിലിനടുത്തുള്ള തകരപ്പെട്ടിയിലുള്ള സമ്പാദ്യത്തെക്കുറിച്ചോർത്തപ്പോൾ ബന്ധുക്കൾ മരണാനന്തര ക്രിയകൾ എല്ലാം ഭംഗിയായും ഉൽസാഹിച്ചും ചെയ്തു.

അങ്ങനെ നാൽപ്പത്തൊന്നാം നാൾ മൂത്തമകൻ കാര്യം അവതരിപ്പിച്ചു:

“വല്യുപ്പയുടെ തകരപ്പെട്ടിയിലാണ് നമുക്കു വേണ്ടി അദ്ദേഹം കരുതിവെച്ച മുഴുവൻ സമ്പത്തുമുള്ളത്. അത് പങ്കുവെക്കാൻ ഇനിയും വൈകേണ്ട കൂട്ടരേ.. ”

വൈകാതെ തകരപ്പെട്ടി വലിച്ചെടുത്ത് ബന്ധുക്കളുടെ മധ്യത്തിലിട്ടു. പെട്ടിയുടെ ഭാരം സകലരെയും ആഹ്ലാദിപ്പിച്ചു.

പെട്ടി തുറന്ന മക്കൾ വായും പൊളിച്ച് നിന്നുപോയി. പെട്ടിയിൽ നിറയെ കരിങ്കല്ലും ഒരേയൊരു നാണയവുമേ ഉണ്ടായിരുന്നുള്ളൂ.

തന്നെ ശുശ്രൂഷിക്കാനും മരണാനന്തര ചടങ്ങുകൾ ചെയ്യാനുമായി വല്യുപ്പ രായിൻകാക്കക്ക് സുഹൃത്ത് നിർദ്ദേശിച്ച സൂത്രമായിരുന്നു അത്. ✦

ലോകത്തിലെ ഏറ്റവും വലിയ ലിഖിത ഭരണഘടന ഇന്ത്യയുടേതാണ്